



# കടലോളം വളർന്ന കൂടല്ലൂർ ഓളം

**കൂടല്ലൂർ പ്രകൃതിയാണ്, പ്രകൃതി നന്മയാണ്, നന്മ സ്നേഹമാണ്. എം.ടി. അതിന്റെ പര്യായവുമാണ്**

■ പി.ടി. നരേന്ദ്രമേനോൻ

**തൃ**ത്താലയിൽനിന്ന് ആളൂർവഴി പടിഞ്ഞാറങ്ങാടിയിൽ എത്തുന്ന പാതയിലൂടെ അല്പം പോയി വലത്തോട്ട് തിരിഞ്ഞാൽ പുഴവക്കിലൂടെ ഇഴയുന്ന ഒരു വഴി ഇപ്പോഴുമുണ്ട്. അതിന്റെ ഇടത്ത് പുറത്താണ് എം.ടിയുടെ കൂടല്ലൂരംശം. എനിക്ക് പറയാം എന്റേതും. വളർന്നതും പഠിച്ചതും ഒറ്റപ്പാലത്താണെങ്കിലും എന്റെ മുത്തശ്ശിയും അമ്മയും വല്യമ്മാമന്മാരും ജനിച്ച് വളർന്നത് കൂടല്ലൂരിലാണ്. എം.ടിയുടെ മാടത്തിൽ തെക്കേപ്പാട്ട് തറവാട്ടിന് അടുത്തുള്ള പാറക്കുളങ്ങര തറവാട്ടിൽ. ഓർമ്മ വെച്ച നാൾ മുതൽ ആ തറവാട്ടിലേക്ക് കൊല്ലത്തിലൊരിക്കലെങ്കിലും ഞാനും സഹോദരങ്ങളും പോകുമായിരുന്നു. ആ പടിപ്പുരയും വെളിച്ചം കുറഞ്ഞ മുറികളും നടുമുറ്റവുമുള്ള നാലുകെട്ടും പത്തായപ്പുരയും ചന്തത്തിൽ വെട്ടുകല്ലുകൾ പടുത്തുള്ള കുളവും അതിൻവക്കിലുള്ള മാവും ഓർമ്മയിലുണ്ട്. തറവാട് എപ്പോഴോ അന്യം വന്നു. നാലുകെട്ടും മാവും പൊളിച്ചുപോയി. അതിനാൽ ഏറെക്കാലമായി കൂടല്ലൂരിൽ പോയിട്ടില്ല. എന്നിട്ടും മനസ്സിൽ ആ വേരുകൾ അള്ളിപ്പിടിച്ചു നിൽക്കുന്നു. എന്റെ കവിതയിലും.

ഒരു കാലത്ത് മാടത്ത് തെക്കേപ്പാട്ട് പടിക്കൽ പന്തീരായിരം പറ വിളഞ്ഞിരുന്ന തറവാടായിരുന്നു. വിസ്തൃതമായ കൃഷിനിലങ്ങൾ. ചേർന്നുനിൽക്കുന്ന രണ്ട് നാലുകെട്ടുകൾ, പത്തായപ്പുര, പടിപ്പുര മാളിക അങ്ങനെ എല്ലാം തികഞ്ഞ തറവാട്. എം.ടിയുടെ ജനന കാലത്ത് ഭാഗം കഴിഞ്ഞിരുന്നു. അതിനു ശേഷം പല താവഴികളുടെയും സ്ഥിതി പരുങ്ങലിലായി. എം.ടി. പിറന്നത് ഒരു കൊട്ടിലിലായിരുന്നുവത്രെ. പാറക്കുളങ്ങരയുടെ സ്ഥിതി മറിച്ചായിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ ആ തറവാട് ചാലിശ്ശേരിയിലെ മുല്ലേപ്പറമ്പ് കാവിന്റെ അടുത്തുള്ള ഒരു ചെറിയ കൂട്ടുകുടുംബമായിരുന്നു. ഒരു സ്ത്രീയും നാല് ആൺമക്കളും അവിടെ അരിഷ്ടിച്ച് കഴിഞ്ഞുപോന്നു.

## പാറക്കുളങ്ങരയുടെ പഴം പുകിൽ

കാര്യമായ സ്വത്തുക്കളൊന്നുമില്ല. രണ്ട് മക്കൾ, പങ്ങശ്ശനും അനുജൻ കൃഷ്ണനും മിടുക്കന്മാരാണെന്ന് കണ്ടറിഞ്ഞപ്പോൾ, തിരുവനന്തപുരം ശ്രീ പദ്മനാഭ സ്വാമിക്ഷേത്രത്തിൽ മുറജപത്തിന് പോയിരുന്ന ആഴ്‌വാഞ്ചേരി തമ്പ്രാക്കൾ അവരെയും കൂടെ കൊണ്ടുപോയി. മഹാരാജാവിനോട് പറഞ്ഞു കൊട്ടാരത്തിൽ ഇരുവർക്കും ജോലി വാങ്ങിക്കൊടുത്തു. കഠിനപ്രയത്നത്തിലൂടെയും സത്യസന്ധമായ സേവനത്തിലൂടെയും അവർ ഉയർന്ന ഉദ്യോഗങ്ങളിലെത്തി. ധാരാളം സമ്പാദിച്ചു ഒടുവിൽ ജോലിയിൽ നിന്നും വിരമിച്ച് സ്വദേശത്തേക്ക് തിരിച്ചുപോന്നു.

വേനൽക്കാലത്തുപോലും ഇരുകരകളും മുട്ടിയാണ് അക്കാലത്ത് ഭാരതപ്പുഴയൊഴുകുക. പങ്ങശ്ശനും അനുജനും തോണിയിലാണ് ധാരാളം സ്വർണ്ണവുമായി എത്തിയത്. അവർ തോണിയടുപ്പിച്ചതോ കൂടല്ലൂരിലും. എന്തോ എന്നറിയില്ല, ആ ഗ്രാമം അവരെ വല്ലാതെ വശീകരിച്ചു. ഒരുപക്ഷേ, പുഴയുടെ തീരമായിരുന്നത് കൊണ്ടാകാം. അവർ ചാലിശ്ശേരിയിലേക്ക് പോയില്ല. കൂടല്ലൂരിലെ തേന്തേത്ത് മനയിൽനിന്ന് സ്വത്തുക്കൾ ചാർത്തിവാങ്ങി. നാലുകെട്ടും പത്തായപ്പുരയും കുളവും പണികഴിപ്പിച്ചു. അന്നദാനത്തിന് വേണ്ടി കുളക്കരയിൽ മഠം നിർമ്മിച്ചു. അങ്ങനെ കൂടല്ലൂരിൽ താരതമ്യേന സമ്പന്നമായ പാറക്കുളങ്ങര തറവാട് സ്ഥാപിച്ചു. മേല്പറഞ്ഞ അന്നദാനത്തെക്കുറിച്ച് ലോഗൻ തന്റെ 'മലബാർ മാന്വലിൽ' പരാമർശിച്ചിട്ടുള്ളതായിക്കാണാം.

കാരണവർ പങ്ങശ്ശമേനോനെ

തറവാട്ടിൽ സ്ത്രീ സന്താനങ്ങളില്ലെന്ന വസ്തുത അലട്ടാൻ തുടങ്ങി. അദ്ദേഹവും അനിയന്മാരും വിവാഹം കഴിച്ചിരുന്നുവോ, അവർക്കാർക്കെങ്കിലും സന്താനങ്ങളുണ്ടായിരുന്നുവോ എന്നറിയില്ല. ഉണ്ടെങ്കിലും മരുക്കത്തായ സമ്പ്രദായത്തിൽ ആ സന്താനങ്ങൾ തറവാട്ടംഗങ്ങളാവുകയില്ലല്ലോ. അതിനാൽ ദത്തെടുക്കാനുള്ള ആലോചനയുണ്ടായി. ദത്തിന് പെൺകുട്ടികളെ തെരഞ്ഞെടുക്കാനുള്ള പങ്ങശ്ശമേനോന്റെ യാത്രകളിലൊന്നിൽ, അദ്ദേഹം വിളയൂരംശത്തിലെ ഏറെയൊന്നും ധനസ്ഥിതിയില്ലാത്ത ഒരു കുടുംബത്തിൽ താമസിക്കുകയായിരുന്നു.

അക്കാലത്ത് ഹോട്ടലുകളൊന്നുമില്ലല്ലോ. നല്ല മഞ്ഞ് വീഴുന്ന മകരമാസമായിരുന്നു. കോലായയിൽ കിടന്നിരുന്ന അദ്ദേഹം അതികാലത്ത് എഴുന്നേറ്റപ്പോൾ രണ്ട് പെൺകുട്ടികൾ മുറ്റമടിക്കുന്നത് അകലെനിന്ന് കണ്ടു. മഞ്ഞ് കാരണം അവരുടെ രൂപങ്ങൾ അവ്യക്തമായിരുന്നു. വെളിച്ചം വീണ് മുറ്റത്തിറങ്ങിയ സമയം ആ കുട്ടികളുടെ കാലടിപ്പാടുകൾ മണ്ണിൽ പതിഞ്ഞതായിക്കണ്ടു. അദ്ദേഹത്തിന് സാമുദ്രികശാസ്ത്രമറിയാമായിരുന്നു. കാലടിപ്പാടുകളുടെ ആകൃതിച്ചന്തത്തിൽനിന്നും ആ കുട്ടികൾ സുന്ദരികളായിരിക്കുമെന്ന് അദ്ദേഹം നിഗമനം ചെയ്തു. കുട്ടികളെ കാണണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

മെലിഞ്ഞ് ഉയരത്തിലുള്ള മെയ്യഴകും പൊൻനിറവും നീണ്ട മുടിയഴകും നീണ്ടിടംപെട്ട മിഴിയഴകുമുള്ള രണ്ട് പതിനഞ്ചു വയസ്സുകാരികളേയാണ് അദ്ദേഹം കണ്ടത്. അവരെ ദത്തെടുക്കാൻ ഉടനടി തീരുമാനിക്കുകയായിരുന്നു. തിരുത്തിത്തൊടി കാലടി എന്ന പ്രാരാബ്ധക്കാരായ ആ കുടുംബത്തിന് സമ്പന്നമായ പാറക്കുളങ്ങരത്തറവാട്ടിലേക്ക് ആ കുമാരിമാരെ ദത്തായിക്കൊടുക്കുന്നതിൽ സന്തോഷമേ ഉണ്ടായിരുന്നുള്ളൂ. കടുക്കമഷിയിൽ എഴുതി പങ്ങശ്ശമേനോൻ 1848–ൽ കോഴിക്കോട് റജിസ്റ്റർ ചെയ്ത (അന്നദ്ദേഹത്തിന് എൺപത് വയസ്സായിരുന്നു) ഒരു ആധാരം മരിച്ചുപോയ അപ്പുണ്ണി മേനോന്റെ കൈയിൽ ഞാൻ കണ്ടിട്ടുണ്ട്. (ഇദ്ദേഹം തപാലിൽ വരുത്തിയിരുന്ന 'ഹിന്ദു' പത്രമാണ് എം.ടി. വായിച്ചിരുന്നത്.) ആ ആധാരത്തിൽ ഉണ്ണ്യാദി, ഇട്ട്യാദി എന്ന് പേരുള്ള കുട്ടികളെ ദത്തെടുത്ത വിവരമാണ് വിസ്തരിച്ച് പറഞ്ഞിരുന്നത്.

ഉണ്ണ്യാദിയുടെ മകൾ നാരായണി അതിസുന്ദരിയായിരുന്നു. അവരുടെ വാർദ്ധക്യകാലത്ത് കുട്ടിയായിരുന്ന എന്റെ അമ്മ കണ്ടിട്ടുണ്ട്. ഏറെ വയസ്സ് ചെന്നിട്ടും അവർക്ക് ചെമ്പകപ്പൂവിന്റെ നിറവും ഒളിതിങ്ങുന്ന മുടിയും വശ്യമായ കടക്കണ്ണുകളുമുണ്ടായിരുന്നുവത്രേ. ഒരുദിവസം അവർ അതിമധുരവും അതേസമയം ഘനലോലവുമായ ശബ്ദത്തിൽ പാടാനാരംഭിച്ചു. ഏതോ ഗന്ധർവൻ ആവേശിച്ചതാണെന്ന് നാട്ടുകാർ പറഞ്ഞിരുന്നുവത്രേ. പാടുമ്പോൾ ആ ശബ്ദം വളരെ ദൂരത്തുനിന്നും കേൾക്കാമായിരുന്നു. ഒരിക്കൽ സാമൂതിരി പരിവാരസമേതം ആ ഭാഗത്തുകൂടി പോകുമ്പോൾ ഒരു കൈകൊട്ടിക്കളിപ്പാട്ട്, കാതിലേക്ക് ഒഴുകിവന്നു. തിരുവാതിരയ്ക്ക് നാരായണി കളിച്ച് പാടുകയായിരുന്നു. ഇരയിമ്മൻ തമ്പിയുടെ 'ഉത്തരാസ്വയംവരം' ആട്ടക്കഥയിലെ 'അരവിന്ദമിഴിമാരേ' എന്ന പദം. ആ സ്വരത്തിൽ ആകൃഷ്ടനായ സാമൂതിരി പാറക്കുളങ്ങരയിൽ മഞ്ചലിറങ്ങി. കാരണവരോട് പറഞ്ഞ് നാരായണിയുടെ പാട്ടുകേട്ടു കളിയും കണ്ടു പട്ടും വളയും നൽകി. അക്കാലത്ത് സാമൂതിരി രാജാവ് വീട്ടിൽ വരിക എന്നത് വലിയ ബഹുമതിയായിരുന്നുവല്ലോ.

## നൃത്തം നൽകിയ നറുംചാർച്ച

നാരായണിയുടെ മകനായിരുന്നു സുപ്രീംകോടതി ജഡ്ജിയായിരുന്ന പാറക്കുളങ്ങര ഗോവിന്ദ മേനോൻ. എന്നാൽ, തറവാടിന്റെ പ്രായേണ മെച്ചപ്പെട്ട സാമ്പത്തികസ്ഥിതി ഭൂപരിഷ്ക്കരണ നിയമം വരുന്നതുവരേയോ, അതായത് എഴുപതുകൾ വരേയോ മാത്രമേ നിലനിന്നുള്ളൂ. നേരിട്ട് കൃഷി നടത്താൻ തയ്യാറില്ലാത്തതുകൊണ്ട് മിക്ക വസ്തുക്കളും പാട്ടക്കാരുടെ കൈവശമായിരുന്നു. അവയെല്ലാം അവരിൽത്തന്നെ ലയിച്ചു. പലർക്കും പല സ്ഥലത്തായി ജോലിയുള്ളതുകൊണ്ട് തറവാടിന്റെ പേർ നിലനിന്നു എന്നു മാത്രം. പഴയ നാലുകെട്ട് മാത്രം ബാക്കിയായി. ഒടുവിൽ ഭാഗത്തിൽ അത് എന്റെ അമ്മയ്ക്കും മക്കൾക്കുമായി. പക്ഷേ, അതിന് മുൻപ് നാല്പത് കൊല്ലം അവിടെ താമസിച്ചിരുന്ന അപ്പുണ്ണി മേനോൻ എന്ന മറ്റൊരു താവഴിയിലെ അംഗത്തിന് (അദ്ദേഹത്തെ അവിടെ നിന്ന് ഒഴിപ്പിക്കാൻ മനസ്സ് വന്നില്ല). അദ്ദേഹത്തിന്റെ കൈയിലുണ്ടായിരുന്ന ചെറിയ സംഖ്യ പേരിന് വാങ്ങി വെറുതെയെന്നപോലെ കൊടുത്തു. മക്കളില്ലാതെ മരിച്ച അദ്ദേഹത്തിന്റെയും ഭാര്യയുടെയും അകന്ന ബന്ധുവിന് ഒടുവിൽ ആ സ്ഥലം മാത്രം കിട്ടി. തറവാട്ട് ഭവനം അപ്പുണ്ണി മേനോൻ


സാഹിത്യസംവാദത്തിൽ എം.ടി., പുനത്തിൽ കുഞ്ഞബ്ദുള്ള, കെ.പി. രാമനുണ്ണി തുടങ്ങിയവർ

പൊളിച്ചുകളഞ്ഞിരുന്നു. മാടത്തിൽ തെക്കേപ്പാട്ട് ഭവനമെങ്കിലും ഇപ്പോൾ നിലനിൽക്കുന്നുണ്ട്.

എം.ടിയുമായുള്ള പരിചയത്തിന്റെ ഓർമ്മകൾ എഴുതാൻ പുറപ്പെട്ടപ്പോൾ അതെ ഗ്രാമത്തിലുള്ള എന്റെ തറവാടിനെക്കുറിച്ചും എഴുതിപ്പോയതാണ്. ആ ഗ്രാമത്തിന്റെ ആത്മാവ് എം.ടിയിലൂടെ വിശ്വത്തോളം വളർന്നു. അത്രയ്ക്ക് ദീപ്തമായും ഹൃദയാവർജകമായും വിഖ്യാതമായും ആവിഷ്‌ക്കരിക്കാൻ സാധിച്ചിട്ടില്ലെങ്കിലും ചെറിയതോതിൽ അങ്ങനെ ചെയ്യാൻ അച്യുതൻ കൂടല്ലൂരും ഞാനുമൊക്കെ നിർബന്ധിതരായിട്ടുണ്ട്. എന്നിട്ടും കൂടല്ലൂർ എന്നും എം.ടിയുടെ കൂടല്ലൂർ തന്നെയായിരുന്നു. കഥയും നോവലും ലേഖനവും തിരക്കഥയും നാടകവും പത്രവും സംവിധാനവും എന്നുവേണ്ട തൊട്ടതെല്ലാം പൊന്നാക്കിമാറ്റി, ജീവിതകാലത്തു തന്നെ ഐതിഹ്യമായി മാറിയ എം.ടിയെക്കുറിച്ചും അദ്ദേഹം സൃഷ്ടിച്ച അനേകം അനശ്വര കഥാപാത്രങ്ങളേക്കുറിച്ചും ആയിരക്കണക്കിന് താളുകൾ എഴുതപ്പെട്ട് കഴിഞ്ഞിരിക്കുന്നു.

എം.ടിയെ ആദ്യം പരിചയപ്പെട്ടത് എന്റെ പത്നി സുകുമാരിയാണ്. കേരള കലാമണ്ഡലത്തിലെ സംഗീത അദ്ധ്യാപികയായിരുന്ന അവർ എം.ടിയുടെ മകൾ സിതാരയുടെ നൃത്തപഠനത്തിൽ ഗുരുനാഥയായ കലാമണ്ഡലം സരസ്വതിയുമായി സഹകരിക്കുമായിരുന്നു. ഒരുദിവസം എം.ടി, സുകുമാരിയോട് തന്റെ 'നിർമ്മാല്യം' എന്ന പടത്തിൽ സ്വാതിതിരുന്നാൾ കൃതിയായ 'പനിമതി മുഖീ ബാലേ' എന്ന ആഹിരി രാഗത്തിലുള്ള പദം പാടണമെന്ന് ആവശ്യപ്പെട്ടു. മദിരാശിയിൽവച്ച് റിക്കോർഡിംഗും നടന്നു. എം.ടിയും സംഗീത സംവിധായകൻ രാഘവൻ മാസ്റ്ററും ആ പദത്തിന്റെ പാരമ്പര്യരീതിയിലുള്ള ആലാപനം തന്നെ വേണമെന്നാണ് നിർദ്ദേശിച്ചത്. ഞാൻ സുകുമാരിയുമായി പരിചയപ്പെട്ടിരുന്നു. അവർ വഴി എം.ടിയെയും. അക്കാലത്ത് ഞാൻ എന്റെ കവിതകൾ പ്രസിദ്ധീകരിച്ച് തുടങ്ങിയിരുന്നില്ല. കൂടല്ലൂരിൽ വേരുകളുള്ളതുകൊണ്ടാകാം എം.ടി. തന്റെ സ്വതസിദ്ധമായ ഗൗരവസ്വഭാവത്തിനിടയിലും എന്നോട് എന്തോ അടുപ്പം കാണിച്ചിരുന്നു. ഞാനും സുകുമാരിയും തമ്മിൽ അടുത്തുപരിചയമുണ്ടായിരുന്നുവെങ്കിലും വിവാഹത്തെക്കുറിച്ച് ചിന്തിച്ചിരുന്നില്ല. ഒരുദിവസം എം.ടി. നിങ്ങളുടെ കുടുംബങ്ങൾ തമ്മിൽ ചേരും, വിവാഹിതരായിക്കൂടേ എന്ന് ചോദിച്ചു. ആ ചോദ്യമാണ് ഞങ്ങളുടെ വിവാഹത്തിന് നിമിത്തമായത്. എം.ടിയും പത്നി പ്രമീളയും വിവാഹത്തിൽ ആദ്യന്തം പങ്കെടുക്കുകയും ചെയ്തു.

ആയിടയ്ക്ക് ഒറ്റപ്പാലത്ത് എം.ടിയുടെ മകൾ സിതാരയുടെ ഒരു നൃത്തപരിപാടി ഞങ്ങൾ ഏർപ്പാട് ചെയ്തു. ഒന്നാന്തരം നർത്തകിയായിരുന്നു സിതാര. സിതാരയും അമ്മ പ്രമീളയും നേരത്തെത്തന്നെ എത്തി. എം.ടി. പരിപാടിക്ക് മുൻപാണെത്തിയത്. പരിപാടിക്ക് ശേഷം സകുടുംബം എന്റെ വീട്ടിൽ താമസിക്കുകയും ചെയ്തു. അദ്ദേഹം അക്കാലത്ത് മദ്യപിക്കുമായിരുന്നു. മദ്യപിച്ചാൽ ധാരാളം സംസാരിക്കുകയും ചെയ്യും. അന്ന് ആദ്യമായി ആ നാവിൽ നിന്ന് തന്നെ ആ ജീവിതത്തെക്കുറിച്ച് ഏറെ കേട്ടു. അത്യന്തം സംയമിതമായ ബാഹ്യപ്രകൃതത്തിന് പിന്നിൽ മൃദുസ്വാദുരസാനുവിദ്ധമായ ഒരു മനസ്സുണ്ടെന്നറിഞ്ഞു.

**കൂടല്ലൂരിൽ വേരുകളുള്ളതുകൊണ്ടാകാം എം.ടി. തന്റെ സ്വതസിദ്ധമായ ഗൗരവസ്വഭാവത്തിനിടയിലും എന്നോട് എന്തോ അടുപ്പം കാണിച്ചിരുന്നു**

## തിരോധാനത്തിൽ നിന്നുള്ള തിരിച്ചുവരവ്

ഒരുദിവസം ഫോണിൽ വിളിച്ച് പറഞ്ഞു, 'വാരിക്കുഴി' എന്ന തന്റെ ചിത്രത്തിൽ എന്റെ 'ചാത്തൻകണ്ടാരമ്മ' എന്ന കവിതയുടെ ഒരു ഭാഗം ഉൾക്കൊള്ളിക്കുന്നുണ്ടെന്ന്. വിരോധമില്ലല്ലോ എന്നും ചോദിച്ചു. വിരോധമോ! എം.ടിയുടെ ചിത്രത്തിൽ കവിത വരിക എന്നത് വലിയ ബഹുമതിയല്ലേ. കവിത ചിത്രത്തിൽ ചൊല്ലിയത് നെടുമുടി വേണുവെന്നാണ് ഓർമ്മ. ഒരിക്കൽ മദിരാശിയിൽ ഞാനും പത്നിയും എം.എസ്. സുബ്ബലക്ഷ്മിയേയും ഭർത്താവ് സദാശിവനേയും കാണാൻ പോവുകയായിരുന്നു. എം.ടി. മദിരാശിയിലുണ്ടെന്നറിഞ്ഞതിനാൽ, പോകുന്ന വഴിക്ക് അദ്ദേഹത്തെ ഹോട്ടലിൽ ചെന്നുകണ്ടു. എം.എസ്സിനെ അദ്ദേഹത്തിന് നേരത്തെ പരിചയമുണ്ടായിരുന്നു. ഞാനും എം.എസ്സിനെ കാണാനുണ്ടെന്നു പറഞ്ഞു കൂടെ വന്നു. സിനിമയ്ക്ക് രാഷ്ട്രപതിയുടെ സുവർണ്ണകമലം നേടിയ സംവിധായകനും വിശ്രുതസാഹിത്യകാരനുമായ അതിഥിയെ പെട്ടെന്ന് കണ്ടപ്പോൾ എം.എസ്സിന്റെയും സദാശിവന്റെയും സന്തോഷം കാണേണ്ടതായിരുന്നു. ഇന്ത്യയിലെ എല്ലാതരം സംഗീതത്തെക്കുറിച്ചും എം.ടിക്ക് അവബോധമുണ്ടെന്ന് അന്നാണ് മനസ്സിലായത്. 'നിർമ്മാല്യ'ത്തിൽ ഉപയോഗിച്ച സംഗീതത്തിന്റെ വൈവിധ്യം അത് നേരത്തെതന്നെ ഏകദേശം കാണിച്ചുതന്നിരുന്നു.

'പനിമതിമുഖീബാലേ' എന്ന സ്വാതിപദം കൂടാതെ, 'ശ്രീമഹാദേവൻ തന്റെ' എന്ന പുള്ളുവൻ പാട്ടും 'സമയമായി, സമയമായി തേരിറങ്ങുകംബേ!' എന്ന ഇടശ്ശേരിക്കവിതയുമെല്ലാം ഓർമ്മവരുന്നു. 'മഞ്ഞ്' എന്ന സിനിമയിൽ ഭൂപീന്ദർ പാടിയ 'രസിയാ' എന്ന ഹിന്ദുസ്ഥാനി ശൈലിയിലുള്ള ഗാനവുമോർക്കാം. എം.എസ്സും ഭർത്താവും ഞങ്ങളും എം.ടിയും ഗായികയുടെ വീട്ടിൽ ഏറെനേരം സംഗീതത്തേയും സാഹിത്യത്തെയുംകുറിച്ച് സംസാരിച്ചിരുന്നു. എം.എസ്സിന്റെ ചിരിക്ക് ഒരുതരം അലൗകികതയുണ്ടായിരുന്നു. അത് ആ ലാവണ്യം വഴിഞ്ഞൊഴുകുന്ന മുഖത്തെ മാത്രമല്ല, പരിസരം മുഴുവനും പ്രകാശപൂർണമാക്കും. ആ കണ്ണുകളിൽ ചേതോഹാരിതയ്ക്കൊപ്പം വിദൂരമായ ഒരു ആത്മീയഭാവവും കണ്ടിരുന്നു. ആ ചിരിയും കണ്ണുകളുമാണ് അവരെ ഭാരതത്തെ മുഴുവൻ മോഹിപ്പിച്ച സിനിമയിലെ ഭക്തമീരയാക്കിയത്. അവർ 'കാറ്ററിനിലേ വരും ഗീതം'

ലേഖകൻ, അക്കിത്തം, എം.ടി., ലേഖകന്റെ പത്നി



എന്ന് പാടിയപ്പോൾ ശ്രോതാക്കളുടെ ഹൃദയം ഇളംതെന്നലായി മാറുകയായിരുന്നു. പലതവണ സ്വർഗീയനാദത്തിൽ എന്നേയും പത്നിയേയും എം.ടിയേയുമൊക്കെ കച്ചേരികളിലൂടെ ആറാടിച്ച അവർ ഒരു സാധാരണവീട്ടമ്മയെപ്പോലെ ഡികോക്ഷൻ കാപ്പി കൊണ്ടുവരുന്നു. ഞാൻ ഓർത്തു, ഈ ഗാന സാമ്രാജ്ഞയാണല്ലോ ജവഹർലാൽ നെഹ്റുവിനെക്കൊണ്ട്, "What am I, A mere prime-minister before this queen of music" എന്ന് പറയിപ്പിച്ചത്. ഇവരാണല്ലോ മീരയുടെ 'ഹരിതുമ്ഹരോ ജന്കീ ബീഡ്' എന്ന ഭജന പാടി ബാപ്പുജിയെ കണ്ണുനീരണിയിച്ചത്.

എഴുപതുകളുടെ ഏതാണ്ട് മധ്യത്തിലാണെന്നു തോന്നുന്നു എം.ടി. കോഴിക്കോട് ആശുപത്രിയിലെ ഐ.സി.യുവിലാണെന്ന് ആരോ അറിയിച്ചത്. ആശുപത്രിയുടെ ഫോൺ നമ്പർ സമ്പാദിച്ച് വിളിച്ചു ഒരു ഡോക്ടറാണ് ഫോണെടുത്തത്. എം.ടിയുടെ രോഗസ്ഥിതി അന്വേഷിച്ച എന്നോട് ഡോക്ടർ പറഞ്ഞ മറുപടി ഞെട്ടിക്കുന്നതായിരുന്നു. "He is hovering between life and death". ഞാനും പത്നിയും കാറിൽ അപ്പോൾത്തന്നെ പുറപ്പെട്ടു. ഒന്നും വരുത്തരുതേ എന്ന് പ്രാർത്ഥിച്ചുകൊണ്ടായിരുന്നു യാത്ര. വൈകുന്നേരം കോഴിക്കോട്ടെത്തിയപ്പോൾ നല്ല വാർത്തയാണ് കേട്ടത്. എം.ടി. അപകടഘട്ടം തരണംചെയ്തുകഴിഞ്ഞിരിക്കുന്നു. വലിയ ഒരു രക്തസ്രാവമാണ് ഉണ്ടായത്.

തന്റെ രണ്ടാം വിവാഹത്തിന് എം.ടി. തെരഞ്ഞെടുത്തത് കൂടല്ലൂർകാരുടെ പരദേവതയായ കൊടിക്കുന്നത്ത് കാവാണ്. ലളിതമായ ആ ചടങ്ങിൽ പുറത്തുനിന്നുള്ള ചുരുക്കം പേരിൽ ഞാനും പത്നിയുമുണ്ടായിരുന്നു. നർത്തകിയായ സരസ്വതിയും എന്റെ പത്നിയുമായി വർഷങ്ങളുടെ പരിചയമുണ്ടായിരുന്നു. എം.ടി. പണ്ടത്തേക്കാളും ശാന്തനും സന്തോഷവാനുമായി കാണപ്പെട്ടു. ആ ജൈത്രയാത്രയുടെ മറ്റൊരദ്ധ്യായം തുറക്കപ്പെടുകയായിരുന്നു.

രണ്ട് വർഷങ്ങൾക്കു മുൻപ് എം.ടിക്ക് തലയിൽ ഒരു താക്കോൽദ്വാര ശസ്ത്രക്രിയകൂടി വേണ്ടിവന്നു. ഞാനും പത്നിയും മകളും കൂടി കോഴിക്കോട് ചെന്ന് കണ്ടപ്പോൾ ആ ക്രിയാതന്ത്രത്തെക്കുറിച്ച് വിസ്തരിച്ച് പറഞ്ഞു തന്നു. കാൽനൂറ്റാണ്ട് മുൻപ് കൂടല്ലൂരിൽ പണികഴിപ്പിച്ച ഭംഗിയുള്ള കോട്ടേജിൽ പോയപ്പോൾ കരിമുത്തിൾച്ചാറ് കഴിക്കേണ്ടുന്ന ചികിത്സാരീതിയെക്കുറിച്ചാണ് പറഞ്ഞിരുന്നത്. ഏത് വിഷയമായാലും അതിന്റെ സൂക്ഷ്മവശങ്ങൾ പഠിച്ചെടുക്കാൻ ശ്രദ്ധിക്കും. മഹാഭാരതമായാലും വടക്കൻപാട്ടായാലും പെരുന്തച്ചന്റെ ഐതിഹ്യമായാലും ഉള്ളിൽ ചികഞ്ഞ് ആരും കാണാത്ത കാര്യങ്ങൾ അദ്ദേഹം കണ്ടെത്തി. അങ്ങനെയാണ് അദ്ദേഹം കൂടല്ലൂരിനെ എസ്സെക്സിനേയും യോക്നാപട്ടാഫയേയും മാൽഗുഡിയേയും വെല്ലുവിളിക്കുന്ന സ്ഥലരാശിയാക്കിത്തീർത്തത്.

## ഉപകാരിയായ ഉണ്ണിയേട്ടൻ

എം.ടിയുടെ ജ്യേഷ്ഠൻ എം.ടി. ബാലകൃഷ്ണൻനായർ എന്റെ സുഹൃത്തായിരുന്നു. കുടുംബം കൂടല്ലൂരിലാണെങ്കിലും ബാലേട്ടന്റെ താമസം പാലക്കാട്ടെ ഒരു ലോഡ്ജിൽ. ഇടയ്ക്കിടെ ഒറ്റപ്പാലത്ത് വന്ന് എന്റെ കൂടെ താമസിക്കും. കുടുംബത്തിൽ എല്ലാവരും എം.ടിയിൽ നിന്ന് സഹായം ലഭിച്ചവരാണെന്ന് അദ്ദേഹത്തിൽനിന്നാണ് അറിഞ്ഞത്. സ്വന്താവശ്യങ്ങൾക്ക് പണം അതീവ ശ്രദ്ധയോടെ ചെലവ് ചെയ്യാറുള്ളുവെങ്കിലും, എം.ടി. സന്തുബന്ധുക്കളുടെ ഏതാവശ്യത്തിനും ധനസഹായം ചെയ്യും. അത് ആരും അറിയരുതെന്ന നിർബന്ധവുമുണ്ട്. സുഖമില്ലാത്ത രണ്ട് മൂത്ത പെൺകുട്ടികളായിരുന്നു ബാലേട്ടന്. മൂന്നാമത്തെ മകൾ മായയുടെ വിവാഹം മാത്രമേ കഴിഞ്ഞിരുന്നുള്ളൂ. ബാലേട്ടന് ചെറിയ ഉദ്യോഗമായിരുന്നു. തന്റെ കുട്ടികൾക്ക് എക്കാലവും അവരുടെ ഉണ്ണ്യേട്ട (എം.ടി)നുണ്ടാകുമെന്ന ഉറപ്പിലാണ് ബാലേട്ടൻ ജീവിച്ചതും മരിച്ചതും. പല ബന്ധുക്കളേയും അദ്ദേഹം നിരന്തരം സഹായിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ ചെയ്യുന്നുണ്ട് എന്ന് നടിക്കാറില്ലെന്ന് മാത്രം.

പത്തിരുപത് കൊല്ലങ്ങൾക്കു മുൻപ് നാലഞ്ച് ചെറുപ്പക്കാർ ചേർന്ന് തൃശ്ശൂരിൽ ഒരു പരസ്യക്കമ്പനി തുടങ്ങി. ടെലിക്രാഫ്റ്റ്സ് എന്നായിരുന്നു പേർ. പരിചയക്കാരും അത്യാവശ്യം അക്ഷരസ്നേഹമുള്ളവരുമാകയാൽ ഞാനും ശത്രുഘ്നനും അതിൽ ചേർന്നു. അവരുടെ ആവശ്യം എം.ടിയെ ചെയർമാനാക്കണം എന്നായിരുന്നു. യാതൊരു അഭിനിവേശവുമില്ലെങ്കിലും അഭ്യർത്ഥിച്ചപ്പോൾ അദ്ദേഹം അതിന് സമ്മതിച്ചു. അത്യാവശ്യം സംഖ്യയുമിറക്കി. ഏതാനും നാളുകൾ കഴിഞ്ഞപ്പോൾ എം.ടിയുടെ 'നാലുകെട്ട്' ടി.വി. സീരിയലായി നിർമ്മിക്കണമെന്ന് ആ ചെറുപ്പക്കാർക്ക് മോഹമുണ്ടായി. ആ മേഖലയിൽ യാതൊരു പരിചയവുമില്ലാത്തവരാണ് എന്നറിഞ്ഞിട്ടും എം.ടി. സമ്മതിച്ചു. അവർക്ക് ഒരു വഴിയാവട്ടെ

എന്നാണ് പറഞ്ഞത്. തിരക്കഥയെഴുതിക്കൊടുത്തു. ദൂരദർശനിലെ കണ്ണനായിരുന്നു സംവിധായകൻ. പക്ഷേ, എം.ടി. തന്നെ നേരിട്ടുവന്ന് സംവിധായകന് വേണ്ടുന്ന നിർദ്ദേശങ്ങൾ കൊടുത്തു. എല്ലാറ്റിനും മേൽനോട്ടം വഹിച്ചും പതിനഞ്ച് എപ്പിസോഡുകളായി സുദർശനമായ ഒരു സീരിയലായിരുന്നു സൃഷ്ടിക്കപ്പെട്ടത്. മലയാളം ടി.വിയിൽ വന്ന ഏറ്റവും നല്ല സീരിയൽ എന്ന ഖ്യാതിയും അത് നേടി. ആ ചെറുപ്പക്കാരെ സഹായിക്കുക എന്നുള്ള ഒറ്റ ഉദ്ദേശ്യമേ എം.ടിക്കുണ്ടായിരുന്നുള്ളു. ലാഭം നോക്കിയില്ല. ആ കമ്പനി പൂട്ടിയെങ്കിലും ആ ചെറുപ്പക്കാരെല്ലാം നന്നായി.

എന്റെ ആദ്യ കവിതാസമാഹാരമായ 'പൊട്ടിച്ചൂട്ടുക'ളുടെ പ്രകാശനം എറണാകുളം കലാപീഠത്തിൽ വച്ചായിരുന്നു. അദ്ധ്യക്ഷൻ എം.ടി. പ്രകാശകൻ അന്ന് കേന്ദ്രമന്ത്രിയായിരുന്ന കവിതാസ്നേഹി കെ.ആർ. നാരായണൻ. ചടങ്ങ് നിശ്ചയിച്ച ദിവസം കാലത്ത് എം.ടി. വിളിച്ചുപറഞ്ഞു, അടിയന്തിരമായി ഒരു സിനിമാക്കരാറിൽ ഒപ്പിടുവാൻ മദിരാശിയിലെത്തേണ്ടതുണ്ട്, വരാൻ പറ്റി. ഒരുവിധത്തിലും ആ കാര്യം നീട്ടിവയ്ക്കാൻ പറ്റാത്തതുകൊണ്ടാണ്, വലിയൊരു സംഖ്യ കിട്ടാനുള്ളതുകൊണ്ടാണ് പോകുന്നതെന്നും ക്ഷമിക്കണമെന്നുമൊക്കെ കൂട്ടിച്ചേർത്തു. എന്നാൽ, തനിക്കു പറയാനുള്ളത് എഴുതി ഒരാൾവശം എറണാകുളത്തേക്ക് കൊടുത്തയയ്ക്കുന്നുണ്ട്, അത് ചടങ്ങിൽ വായിപ്പിക്കണമെന്നും പറഞ്ഞു. ചടങ്ങിനു മുൻപ് തന്നെ കുറിപ്പ് കലാപീഠത്തിലെത്തി, അത് വായിച്ചപ്പോൾ എം.ടി. വരില്ലെന്ന നൈരാശ്യം പമ്പകടക്കുകയായിരുന്നു. കാരണം അത് അടിമുടി കാവ്യാത്മകമായ ഒരു ചെറുപാഠം എന്നതുതന്നെ. ആ കുറിപ്പ് ഇങ്ങനെയായിരുന്നു.

"മകരനിലാവ് മയങ്ങിക്കിടക്കുന്ന മൂന്നാംയാമത്തിൽ ഇത്തിരി നൂറ് കടം വാങ്ങാൻ തളിർവെറ്റില കൈവശമുള്ള സുന്ദരി, യക്ഷിത്തരുണി, ഇപ്പോഴും അവിടെ, ഞങ്ങളുടെ വള്ളുവനാടൻ കുന്നുകളിലെ അവശേഷിച്ച അപൂർവം മേച്ചിൽപുറങ്ങളിൽ, വഴിത്തിരിവുകളിൽ കാത്തുനിൽക്കാറുണ്ട്. നിണമണിഞ്ഞ കൊടുംകാളിയുടെ പള്ളിവാളിന്റെ ചോര വാരുന്ന വായ്ത്തല വേലപ്പറമ്പിലെ പോക്കുവെയിലിൽ ഇപ്പോഴും ഇടയ്ക്ക് തിളങ്ങാറുണ്ട്. ഇന്നലെയുടെ അനശ്വരതയിൽനിന്ന് നാളെയുടെ അനശ്വരതയിലേക്കുള്ള ജീവിതത്തിന്റെ ക്ഷീണിച്ച യാത്രയായി, നെടുവീർപ്പായി, നിളാനദി മണൽ കയറ്റുന്ന ലോറികളുടെ സമ്മതം ചോദിച്ച് ഇപ്പോഴും സാവധാനം ഒഴുകുന്നുണ്ട്.

അതിന്റെ തീരത്തെ ഇരുട്ടിൽ പൊട്ടിച്ചൂട്ടുകൾ ഞങ്ങൾ കാണാറുണ്ട്. അവയുടെ വെളിച്ചം നോക്കിനടന്ന് എത്തിപ്പെടുന്ന അജ്ഞാത മായിക ലോകങ്ങളെപ്പറ്റി അദ്ഭുതപ്പെട്ടവരാണ് ഞങ്ങൾ.

ഇരുട്ടിന്റെ തീരത്തിൽ ഇരുകരകളിൽ എവിടെയോ സത്യത്തിന്റെ പ്രകാശം പൊട്ടിവിടരാത്തതെന്തെന്നോർത്ത് രോഷവും ദുഃഖവുംകൊണ്ട് കനത്ത ഹൃദയത്തോടെ നിൽക്കുന്നു ഈ കവി. അപാരതയോളം കണ്ണയയ്ക്കുന്ന കവി, തന്ത്രവിദ്യയും മന്ത്രവിദ്യയും ആവാഹിച്ചെടുത്ത് തന്റെ വാക്കുകൾ വെളിച്ചത്തെ വിളിച്ചുവരുത്താൻ സമർത്ഥമാകണേ എന്നാഗ്രഹിക്കുന്ന കവി.

പ്രാകൃത ബിംബങ്ങളുടെ പരുഷവും ഭീഷണവുമായ ബാഹ്യസ്വരൂപത്തിന്റെ ഉള്ളിലൊതുങ്ങിയ മൗലിക ജീവിതസത്ത അന്വേഷിക്കുന്നതാണ് നരേന്ദ്രമേനോന്റെ കവിത. അദ്ദേഹം

എം.ടി.



വാക്കിനെ ദിവ്യമായി കരുതുന്നു. വെറുതെ വെറുതെ ഉരയ്ക്കുന്ന വാക്കിന്റെ വ്യർത്ഥതയെപ്പറ്റി ദുഃഖിക്കുന്നതുകൊണ്ടാണ് കവി വരാനറച്ചുനിന്ന കാലവർഷത്തോടുപോലും പറയുന്നത്, "ഈ മണ്ണിലലിയുന്ന വാക്കായി വരൂ" എന്ന്. കരുത്തുള്ള കവിതയുടെ മൂലമന്ത്രം ഇതു തന്നെയായിരിക്കണം. ചില ഓമനപ്പേരുകൾ വിളിച്ച് കവികളേയും കാഥികരേയുമെല്ലാം പഴയ പത്തായക്കല്ലറകളിൽ ഒതുക്കിവയ്ക്കുന്ന ഒരു വിനോദം നമുക്കുണ്ട്.

വള്ളുവനാടൻ പ്രകൃതിയും പാരമ്പര്യവും നൽകുന്ന ആർക്കിടൈപ്പുകൾ ഉപയോഗിക്കുന്നതുകൊണ്ട് ഇദ്ദേഹത്തെ വള്ളുവനാടൻ കവി എന്ന് ലാളിച്ച് ഒതുക്കിത്തീർക്കാതിരിക്കുക. നിളയുടെ തീരത്തിൽ നിന്നുള്ള ഈ അന്വേഷണം ഗയനയിലെ പുതിയ പ്രവാചകന്റെ അനുഗ്രഹാശിസ്സുകളോടെ സൈനൈഡ് അമൃതേത്ത് കഴിച്ച് വിരാമമിട്ട ജീവിതങ്ങളിലോളം എത്തിച്ചേരുന്നു. ചാവിനും പിറവിക്കും മദ്ധ്യേയുള്ള ഇരുട്ടിൽ ജീവിതസത്യത്തെ അന്വേഷിക്കുകയാണ് ഈ കവി ചെയ്യുന്നത്. രോഷത്തിന്റെ തീപ്പൊരികളും കണ്ണീരിന്റെ നനവും ഒരുമിച്ച് ഉള്ളിലൊതുക്കിയ ഒരു കവിഹൃദയമാണിവിടെ കാണുക. താളക്കേടുകൾക്കിടയിലെങ്ങോ ഉള്ള താളം കണ്ടെത്താൻ കവി വെമ്പുന്നു. മണ്ണിൽവീണ് കുതിർന്ന് മുളച്ചുവന്ന വാക്കുകളെടുത്ത് സൃഷ്ടി നടത്തുന്നത് കൊണ്ട് കവിത സൂക്ഷ്മവും സാന്ദ്രവുമായ ഒരനുഭൂതിയായി മാറുന്നു. ആചാരോപചാരങ്ങളെ മറികടന്നെത്തുന്ന ശക്തമായ അനുഭൂതി. "മരണത്തിലെ എന്തോ കുടിക്കടമൊപ്പിട്ട തളർച്ചയോടെ, വിഹ്വലതയോടെ പ്രപഞ്ചത്തിലേക്ക് വന്നു കയറിയ ജീവിതത്തിന്റെ നിശ്ശബ്ദവും ദാരുണവുമായ പീഡനമാണ് നരേന്ദ്രമേനോൻ എന്ന കവിയുടെ സർഗചേതന ഉണർത്തുന്ന അസ്വാസ്ഥ്യം. ഈ അസ്വാസ്ഥ്യം എന്നും അദ്ദേഹമനുഭവിക്കട്ടെ എന്ന് ഞാനാശംസിക്കുന്നു."

എന്റെ കവിതയെക്കുറിച്ച് 'ബലവദപി ശിക്ഷിതാനാമാത്മന്യപ്രത്യയം ചേത:' (നല്ല ശിക്ഷ കഴിച്ചോർക്കുമില്ല വിശ്വാസമാത്മനി) എന്ന കാളിദാസവചനമായിരുന്നു മനസ്സിൽ. കവിതകൾ



നിർമ്മാല്യം സിനിമയിൽ നിന്ന്

പ്രസിദ്ധീകരിക്കാൻ തുടങ്ങിയിട്ട് നാലഞ്ചു വർഷമേ ആയിരുന്നുള്ളു. കവിതാനിരൂപകൻ എന്ന മേൽവിലാസത്തിന് ഒരിക്കലും മുതിരാത്ത ഒരു മഹാസാഹിത്യകാരന് എന്റെ കവിത ഇഷ്ടമായല്ലോ. സൗഹൃദത്തിന്റെ പേരിൽ ഒരുതരം അതിശയോക്തിക്കും തയ്യാറല്ലാത്ത ആളാണ് എം.ടി. എന്ന് ആർക്കാണറിയാത്തത്? എന്റെ കവിതയ്ക്ക് കിട്ടിയ ഏറെയും വലിയ അംഗീകാരമാണ് ഈ കുറിപ്പ്. കൃതജ്ഞതയാൽ ശിരസ്സ് കുനിഞ്ഞുപോയി.

### പരക്ളേശവിവേകത്തിന്റെ പര്യായം

എം.ടിയുടെ സഹായം പല വിധത്തിലും പലരിലും എത്താറുണ്ട്. ഒരു മലയാളിക്ക് സ്പാനിഷ് മദാമ്മയിലുണ്ടായ പുത്രി മെർസിഡസ്സ് പണിക്കർ തന്റെ അച്ഛന്റെ സ്മരണയ്ക്ക് ഒരു വിദ്യാഭ്യാസ ട്രസ്റ്റ് രൂപീകരിച്ച് എന്നെ അതിന്റെ ചെയർമാനാക്കിയിരുന്നു. നിത്യചൈതന്യയതി, പ്രശസ്ത തത്ത്വചിന്തകനായ റേയ്മൺ പണിക്കർ എന്നിവരുടെ സാന്നിധ്യത്തിൽ എം.ടിയായിരുന്നു പാലക്കാട് വച്ച് ആ ട്രസ്റ്റ് ഉദ്ഘാടനം ചെയ്തത്. ഒരുദിവസം എം.ടിയുടെ കത്തുമായി ഒരു വിദ്യാർത്ഥി എന്നെ സമീപിച്ചു. ദരിദ്രനായ ആ വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് കൊടുക്കണമെന്നായിരുന്നു ആവശ്യം. ട്രസ്റ്റ് എന്തുകൊണ്ടും അർഹനായ ആ കുട്ടിക്ക് അത് കൊടുത്തു. പഠനം കഴിഞ്ഞ് ഇപ്പോൾ സ്കൂൾ മാസ്റ്ററായി ആ യുവാവ് നല്ല നിലയിൽ ജീവിക്കുന്നു. അങ്ങനെ എം.ടിയുടെ വാക്കുകൊണ്ട് പലരും രക്ഷപ്പെട്ടിട്ടുണ്ട്.

എന്റെ അമ്മ 90 വയസ്സിൽ അന്തരിക്കുന്നതിന് ഒരാഴ്ച മുൻപ് എം.ടി. വീട്ടിൽ വന്നു. അമ്മയുടെ അടുത്തിരുന്നു. അമ്മ പഴയ ചില കൂടല്ലൂർക്കഥകൾ പറഞ്ഞു. എം.ടിയുടെ ബാല്യത്തിനും മുൻപുള്ളവ. അമ്മയെ ഏറെ സന്തോഷിപ്പിച്ച ഒരു സന്ദർശനമായിരുന്നു അത്. അമ്മ മരിച്ചപ്പോൾ എം.ടി. വിളിച്ച് പറഞ്ഞു, "എനിക്ക് അങ്ങനെയൊരു ഭാഗ്യമുണ്ട്. വേണ്ടത് വേണ്ട സമയത്ത് തോന്നും. അതുകൊണ്ടല്ലേ ഒടുവിലേ അനുഗ്രഹം കിട്ടിയത്."

### ശാന്തപുരുഷന്റെ ക്ഷോഭം

നാല്പത് കൊല്ലത്തെ പരിചയത്തിൽ ഒരിക്കൽ മാത്രമേ എം.ടിയെ ക്ഷോഭിച്ചു കണ്ടിട്ടുള്ളു. അദ്ദേഹത്തിന് ഡൽഹിയിൽ നിന്നുള്ള ഏതോ പുരസ്കാരം കിട്ടി എന്ന പത്രവാർത്ത വന്ന ദിവസം. അന്ന് അദ്ദേഹം വെള്ളിനേഴിയിലെ ഒളപ്പമണ്ണ മനയിൽ ഒരു ചലച്ചിത്രത്തിന്റെ ചിത്രീകരണത്തിനിടയിലാണ്. ഒരു മുൻനിരപത്രത്തിന്റെ ഒറ്റപ്പാലം ലേഖകൻ വിടാതെ പിടികൂടിയിരിക്കയാണ്. ചില ചോദ്യങ്ങൾക്ക് ഉത്തരം വേണം. ശല്യം സഹിക്കവയ്യാതായപ്പോൾ ഏതെങ്കിലും ഇടവേളയിൽ ചോദ്യോത്തരമാകാം എന്ന് എം.ടി. സമ്മതിച്ചു. ഊണിന് വേണ്ടി ഷൂട്ടിങ് നിർത്തിയ സമയം ലേഖകൻ എം.ടിയെ സമീപിച്ചു. എത്ര പുരസ്കാരങ്ങൾ എവിടെ നിന്നൊക്കെ എന്നതിന്റെ കണക്ക് പോലും പറയാൻ കഴിയാത്തവിധം കിട്ടിക്കഴിഞ്ഞ ആളിനോട് ആദ്യത്തെ ചോദ്യം,

"നിങ്ങൾക്ക്... പുരസ്കാരം കിട്ടിയതിൽ സന്തോഷമുണ്ടോ?"

(അങ്ങ് എന്നോ താങ്കൾ എന്നു പോലുമോ അല്ല സംബോധന) മറുപടി മൗനമായിരുന്നു.

അടുത്ത ചോദ്യം, "ഇത് നേരത്തെ കിട്ടേണ്ടതായിരുന്നു എന്ന് തോന്നുന്നുണ്ടോ?"

അതിനും ഉത്തരമില്ല. മുഖം കറുക്കുന്നതായിക്കണ്ടു.

മൂന്നാം ചോദ്യം, "ആരെങ്കിലും ഇത് മുൻപുതന്നെ കിട്ടുന്നതിന് തടസ്സം നിന്നിട്ടുണ്ടോ?" എം.ടി. ക്രുദ്ധനായി ചാടിയെഴുന്നേറ്റു. എന്നിട്ട് കൈയോങ്ങിക്കൊണ്ട് പത്രക്കാരനോട് പറഞ്ഞു, "കടന്നുപോ. ഇനി മിണ്ടിയാൽ ചെകിട്ടത്ത് കിട്ടും". ലേഖകൻ പോയ വഴി കണ്ടില്ല.

എം.ടിക്ക് ജ്ഞാനപീഠം പുരസ്കാരം കിട്ടിയപ്പോൾ കൂടല്ലൂർ ഗ്രാമത്തിൽ വമ്പിച്ച സ്വീകരണമുണ്ടായി. എങ്ങും ഉത്സവപ്രതീതിയായിരുന്നു. ഞാൻ നോക്കി, എവിടെയെങ്കിലും എം.ടിയുടെ പകിടകളിക്കാരൻ കോന്തുണ്ണിനായരുണ്ടോ? 'അസുരവിത്തി'ലെ ഗോവിന്ദൻകുട്ടിയുണ്ടോ? കുട്ട്യേടത്തി മീനാക്ഷിയുണ്ടോ? ഭ്രാന്തൻ വേലായുധനുണ്ടോ? വെളിച്ചപ്പാടുണ്ടോ? മുത്താച്ചിയുണ്ടോ? ഉണ്ടെന്നു തോന്നി. അവരുടെ പ്രാഗ്‌രൂപങ്ങൾ എല്ലായിടത്തും കണ്ടു. അതേ ഹൃദയങ്ങൾ, മോഹങ്ങൾ, നൈരാശ്യങ്ങൾ, കൊച്ചു കൊച്ചു സന്തോഷങ്ങൾ. മനുഷ്യഭാവങ്ങൾക്ക് മാറ്റമില്ല, അനുസ്യൂതിയാണുള്ളത്. ഹൃദയംകൊണ്ട് മാത്രമേ എം.ടി. എഴുതിയിട്ടുള്ളൂ. അത്തരം എഴുത്ത് മനുഷ്യകഥാനുയാനമാകയാൽ, നിരൂപണത്തിലെ ഘടാഘടികന്മാരുടെ സിദ്ധാന്തങ്ങളേയും വിലയിരുത്തലുകളേയും അതിജീവിച്ച് അനന്തതയിലേക്ക് നീളുന്നു. കാരണം അതിന്റെ അടിസ്ഥാന സ്വഭാവം സ്നേഹമാണ്. ■